## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1584. 31-01-2018 ൽ മറുപടിയ്ക്ക്

## നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണം

**ചോദ്യം**

ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കമോ; | (എ) | കേരളത്തിൽ നെല്ല് സംഭരിക്കുന്നത് സപ്ലൈകോയും, നാളികേരം സംഭരിച്ചുവരുന്നത് കേരഫെഡുമാണ്. നെല്ലിന്റെ സംഭരണവില G.O.(M.S) No.32/2017/F&CS തീയതി 21/11/2017 പ്രകാരം 2017-18-ൽ കിലോയ്ക്ക് 23.30 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സംഭരിയ്ക്കുന്ന നെല്ലിന് ഇപ്പോൾ PDS-ന്റെ അടിസ്ഥാനത്തിൽ ഉടനടി സംഭരണവില ലഭ്യമാകുന്നുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) നം.133/17/കൃഷി തീയതി 26-10-2017 പ്രകാരം നാളികേര സംഭരണം പുനരാരംഭിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന് മാർക്കറ്റിൽ മുന്തിയ വില ലഭിക്കുന്നതിനാൽ സംഭരണം നടത്തുന്നില്ല. |
| (ബി) | നെല്ലിന്റെയും നാളികേരത്തിന്റെയും താങ്ങുവില പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | നെല്ലിന്റെ താങ്ങുവില 2017-18-ൽ സർക്കാർ ഉത്തരവ് നമ്പർ G.O.(M.S)No.32/2017/F&CS തീയതി 21/11/2017 പ്രകാരം കിലോയ്ക്ക് 23.30 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നാളികേരത്തിന്റെ താങ്ങുവില പുതുക്കി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ